106684

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ. പി. പദ്മ കുമാർ , ജൂനിയർ കൺസൾട്ടന്റ് - കേഡർ മാറ്റം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

## ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ(സാധ) 3432 /2017/ആ.കു.വ തീയതി, തിരുവനന്തപുരം04/12/2017

പരാമർശം :
1. സ. ഉ (സാധ) 215/201/ആകുവ തീയതി 28.01.2017
2. സ. ഉ (സാധ) 666/2017/ആകുവ തീയതി 14.03.2017
3. 18.04.2017 തീയതിയിലെ എ 3/903690/2017/ആകുവ നമ്പർ സർക്കാർ കത്ത്
4. ഡോ. പി. പദ്മകുമാർ , ജൂനിയർ കൺസൾട്ടന്റ് 27/04/2017 ൽ സമർപ്പിച്ച അപേക്ഷ

## ഉത്തരവ്

2009 മുതൽ 2012 വരെ മൂന്ന് വർഷത്തെ എം.ഡി പീഡിയാട്രിക്സ് കോഴ്സ് സർവ്വീസ് ക്വാട്ടയിൽ പൂർത്തിയാക്കിയ ഡോ. പി.പദ്മകുമാറിനെ 2016-ൽ കുറ്റ്യാടി താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റായി നിയമിച്ചിരുന്നു. പ്രസ്തുത നടപടിക്കെതിരായി ഡോ. പദ്മകുമാർ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും, തുടർന്ന് ടിയാനെ സിവിൽ സർജനായി നിലനിർത്തുകയും, സി.എച്ച്.സി ചെറൂപ്പയിൽ നിയമിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. എന്നാൽ സർവ്വീസ് ക്വാട്ടയിലേയ്ക്ക് പി.ജി.യ്ക്ക് അപക്ഷ സമർപ്പിച്ചപ്പോൾ തന്നെ ടിയാൻ സ്പെഷ്യാലിറ്റി കേഡറിലേക്ക് ഓപ്ഷൻ നൽകിക്കഴിഞ്ഞിരുന്നു. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർ മാരുടെ വിശേഷാൽ ചട്ടം പ്രകാരം ഒരിക്കൽ സ്വീകരിച്ച ഓപ്ഷൻ മാറ്റി നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിക്കുകയുണ്ടായി.

(2) തുടർന്ന് ചെറൂപ്പയിൽ തന്നെ സിവിൽ സർജൻ തസ്തികയിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകണമെന്ന ടിയാന്റെ അപേക്ഷയും , സർക്കാർ ധനം ദുർവിനിയോഗം ചെയ്യപ്പെടുമെന്നതിനാൽ തന്നെ സൂചന (2) പ്രകാരം നിരസിക്കപ്പെടുകയുണ്ടായി. തുടർന്ന് കേഡർ മാറ്റം അനുവദിക്കുന്നതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം

നിർദ്ദേശം നൽകുകയും ആയത്, പരാമർശം (4) പ്രകാരം ഡോ. പി .പദ്മകുമാർ സമർപ്പിക്കുകയുമുണ്ടായി.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്കു ബാധകമായ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവു നല്കിമാത്രമേ ഡോ. പി .പദ്മകുമാറിന്റെ ആവശ്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. കൂടാതെ 2009 ൽ സർവ്വീസ് ക്വാട്ടായിൽ പിജിയ്ക്ക് അഡ്മിഷൻ നേടിയ പദ്മകുമാർ 20.06.2009 മുതൽ 19.06.2012 വരെ ഡെപ്യൂട്ടേഷൻ ബനിഫിറ്റ് കൈപ്പറ്റിയിട്ടുണ്ട്. ടിയാൻ പിജി ട്യൂഷൻ ഫീസായി , ഒടുക്കിയ 99000/- രൂപ 1.11.2012 ൽ സർക്കാർ പദ്മകുമാറിന് തിരികെ നല്കിയിട്ടുമുണ്ട്. സർവ്വീസ് ക്വാട്ടയിൽ സ്പെഷ്യാലിറ്റി പി . ജി . അഡ്മിഷൻ നേടി ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ, ട്യൂഷൻ ഫീസ് എന്നിവ കൈപ്പറ്റിയശേഷം വ്യക്തിപരമായ നേട്ടങ്ങൾക്കായി തനിക്ക് സ്പെഷ്യാലിറ്റി കേഡറിൽ നിന്നും ജനറൽ കേഡറിലേക്ക് മാറ്റം അനുവദിക്കണമെന്ന ഡോ. പത്മകുമാറിന്റെ ആവശ്യം അംഗീകരിക്കാൻ സാധിക്കുകയില്ല. മാത്രമല്ല, വിശേഷാൽ ചട്ടങ്ങളിലെ ഖണ്ഡിക 6 പ്രകാരം ഒരിക്കൽ നൽകുന്ന ഓപ്ഷൻ അന്തിമമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി കേഡർ മാറ്റം അനുവദിക്കുന്നത് അനാവശ്യ കീഴ്വഴക്കങ്ങൾക്ക് ഇടനൽകും. സ്പെഷ്യാലിറ്റി കേഡറിന്റെ ഉദ്ദേശശുദ്ധി തന്നെ ചോദ്യം ചെയ്യപ്പെട്ടുമെന്നതിനാലും ഡോ. പി. പദ്മകുമാറിന് ജനറൽ കേഡറിലേക്ക് മാറ്റം അനുവദിക്കണമെന്നുള്ള ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ബി.ശ്രീനിവാസ്,

പ്രിൻസിപ്പൽ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം; (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ ഡയറക്ടർ,തിരുവനന്തപുരം
ഡോ. പി. പദ്മകുമാർ , ജൂനിയർ കൺസൾട്ടന്റ്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ),കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്),കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ .

**മേലെഴുത്ത് നം: ഇ.എ1-78271/17/ആ.വ.ഡ തീയതി 26.12.2017**
**അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.**

26/12

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്**

**ഡോ. പി.പദ്മകുമാർ**
**ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)**
**താലൂക്ക് ആശുപത്രി കുറ്റ്യാടി, കോഴിക്കോട്**